**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 139** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിക്കുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്തത് മൂലം പല പ്രവൃത്തികളുടെയും പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനുമായുള്ള സംവിധാനം എന്ന നിലയിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള PWD, KSEB എന്നിവടങ്ങളിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ എൻജിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി ജില്ലാതലങ്ങളിൽ പ്രവർത്തിച്ച് വരുന്നുണ്ട്. കോർപ്പറേഷനുകളിൽ ഈ സംവിധാനം സൂപ്രണ്ടിംഗ് എൻജിനീയർ കൺവീനറായി പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ അസിസ്റ്റന്റ് എഞ്ചിനിയർമാരെയും ഓവർസിയർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ